**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കോഴിക്കോട് സർവകലാശാല - സി.എച്ച്. മുഹമ്മദ്കോയ ചെയർ ഫോർ സ്റ്റഡീസ് ഓൺ ഡവലപിംഗ് സൊസൈറ്റീസ് എന്ന സ്ഥാപനത്തിന് ജില്ല/ബ്ലോക്ക്/ഗ്രാമ പഞ്ചായത്തുകളിൽ നിന്നും ധനസഹായം നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം.660/2016/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 18.02.2016

---

പരാമർശം:- സി.എച്ച്. മുഹമ്മദ്കോയ ചെയർ ഫോർ സ്റ്റഡീസ് ഓൺ ഡവലപിംഗ് സൊസൈറ്റീസ് ഡയറക്ടറുടെ 13.01.2016 ലെ 16/11 നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് സർവ്വകലാശാലയിൽ പ്രവർത്തിക്കുന്ന സി.എച്ച്. മുഹമ്മദ്കോയ ചെയർ ഫോർ സ്റ്റഡീസ് ഓൺ ഡവലപിംഗ് സൊസൈറ്റീസ് എന്ന സ്ഥാപനത്തിന് ഗവേഷണത്തിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായി സംസ്ഥാനത്തിലെ ജില്ല/ബ്ലോക്ക്/ഗ്രാമ പഞ്ചായത്തുകളിൽ നിന്നും ധനസഹായം നൽകുന്നതിനുള്ള അനുമതിയാണ് പരാമർശ കത്ത് പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നത്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് സർവ്വകലാശാലയിൽ പ്രവർത്തിക്കുന്ന സി.എച്ച്. മുഹമ്മദ്കോയ ചെയർ ഫോർ സ്റ്റഡീസ് ഓൺ ഡവലപിംഗ് സൊസൈറ്റീസ് എന്ന സ്ഥാപനത്തിന് ഗവേഷണത്തിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായി സംസ്ഥാനത്തിലെ ജില്ല പഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ എന്നിവർ പരമാവധി 50,000/- (അമ്പതിനായിരം രൂപ മാത്രം) രൂപയും ഗ്രാമ പഞ്ചായത്തുകൾ പരമാവധി 25,000/- (ഇരുപത്തയ്യായിരം രൂപ മാത്രം) രൂപയും അവരവരുടെ കമ്മിറ്റി തീരുമാനത്തിന് വിധേയമായി തനത്/ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും ധനസഹായം നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ധനസഹായം നൽകുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സി.എച്ച്. മുഹമ്മദ്കോയ ചെയർ ഫോർ സ്റ്റഡീസ് ഓൺ ഡവലപിംഗ് സൊസൈറ്റീസ് ഡയറക്ടർ ധനവിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
പി.റംലത്ത്,
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം. (പകർപ്പ് എല്ലാ നഗരസഭകൾക്കും നൽകേണ്ടതാണ്)
ഗ്രാമവികസന കമ്മിഷണർ, തിരുവനന്തപുരം
ഡയറക്ടർ, സി.എച്ച്. മുഹമ്മദ്കോയ ചെയർ ഫോർ സ്റ്റഡീസ് ഓൺ ഡവലപിംഗ് സൊസൈറ്റീസ്, കോഴിക്കോട് സർവകലാശാല പി.ഒ., 673 635
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സി. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ധനകാര്യ വകുപ്പ്.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.